## ക്യേർസ് ചാനലിൽ വന്ന മലയാളം ക്ലാസുകളുടെ ഉള്ളടക്കവും തുടർ പ്രവർത്തനങ്ങളും.

19-12-2020

**കേരള പാഠാവലി-X**

പ്രലോഭനം - 02

- മുൻ ക്ലാസിൽ പറഞ്ഞ കാര്യങ്ങൾ, നൽകിയ തുടർ പ്രവർത്തനം എന്നിവ ഓർമ്മപ്പെടുത്തി.
- ഒരു കുട്ടി പാഠസംഗ്രഹം അവതരിപ്പിക്കുന്നത് കാണിച്ചു.
- പാഠസംഗ്രഹം തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ സൂചിപ്പിച്ചു.
- പാഠത്തിലെലെ ആശയം ഉൾക്കൊള്ളിക്കണം
- കഥാപാത്രങ്ങളുടെ സ്വഭാവം വ്യക്തമാക്കണം
- ആശയങ്ങൾ ക്രമത്തിൽ അവതരിപ്പിക്കണം
- സംക്ഷിപ്തത വേണം
- ■ പുഷ്കരന്റെ പദം -

പല്ലവി, അനുപല്ലവി എന്നിവ കഥകളി രൂപത്തിൽ അവതരിപ്പിക്കുന്നത് കാണിച്ചു.
(അരികിൽ വന്നു നിന്നതാരെ,
.................................................
മനതാരിലുണ്ടൊന്നുന്മിഷതം ത്സടിതി ....)
പുതിയ പദങ്ങളുടെ സാരം പറഞ്ഞ് കൊടുക്കുകയും വരികൾ വിശദീകരിക്കുകയും ചെയ്തു.

■ കലിയും ദ്വാപരനും പുഷ്കരന്റെ സമീപമെത്തിയപ്പോൾ പുഷ്കരൻ പറയുന്ന വാക്കുകളാണിവ.
ആരാണ് എന്റെ അരികിൽ വന്നു നിൽക്കുന്നത്. നിങ്ങൾ എന്തിനാണോ വന്നത് അക്കാര്യം മുഴുവൻ എന്നോട് വേഗം പറഞ്ഞാലും.
എന്റടുത്തേക്ക് വന്നിരിക്കുന്നവരെ എനിക്കറിയില്ലെങ്കിലും നിങ്ങളെ കണ്ടപ്പോൾ എന്റെ മനസ്സിൽ പെട്ടെന്നൊരു മിന്നലാട്ടമുണ്ട്.
കലിയെയും ദ്വാപരനേയും കണ്ടപ്പോൾ, ആലസ്യം വിട്ട് പുഷ്കരനിൽ ഉണ്ടാകുന്ന ഉണർവിനെയാണ് അടക്കഥാകാരൻ ഇവിടെ ചിത്രീകരികരിക്കുന്നത്.
ചരണം - ഒന്ന്, ചരണം - രണ്ട്
ഇവ കഥകളി രൂപത്തിൽ അവതരിപ്പിക്കുന്നത് കാണിക്കുകയും പുതിയ പദങ്ങൾ പരിചയപ്പെടുത്തി ആശയം വിശദീകരിക്കുകയും ചെയ്തു.
( ധരണിയിലുള്ള പരിഷകൾ ....
.................................................
ബാഹുജനെന്നുള്ളതേ നമുക്കൊന്നുള്ളൂ മുറ്റം ...)

■ ഭൂമിയിലുള്ള കൂട്ടർ സാധാരണ നളനെയാണ് ചെന്നു കാണാറുള്ളത്. അവർക്കു വേണ്ടുന്ന കാര്യങ്ങൾ നളൻ ചെയ്ത് കൊടുക്കുകയും ചെയ്യും. എന്നെക്കാണാൻ വേണ്ടി ദൂരെ നിന്ന് ആരും വരാറൊന്നുമില്ല.
എനിക്ക് രാജ്യാമോ, പട്ടണമോ, അധികാര ചിഹ്നങ്ങളോ, ശത്രുക്കളെ അമർച്ച ചെയ്യുന്ന വൻ സൈന്യമോ ഒന്നും ഇല്ലല്ലോ. ക്ഷത്രിയൻ എന്നൊരു പേരു മാത്രമേ നമുക്കുള്ളൂ.
നളനോടുള്ള കടുത്ത അസൂയ , തന്റെ അവസ്ഥയിലുള്ള നിരാശയും അസംതൃപ്തിയും , തന്റെ ഇല്ലായ്മകളിലെ അസന്തുഷ്ടി തുടങ്ങിയ കാര്യങ്ങൾ പുഷ്കരന്റെ ഈ വാക്കുകളിൽ തെളിയുന്നുണ്ട്.
ചരണം -3
കഥകളി രൂപത്തിൽ അവതരിപ്പിക്കുന്നത് കാണിക്കുകയും പ്രസ്തുത പദം വിശദീകരിക്കുകയും ചെയ്യൂ.
(പഴുതേ ഞാനെന്തേ .................
നിങ്ങൾക്കെന്തോന്നു വേണ്ടൂ ..)
■ ഇതൊക്കെ എന്തിനാണ് ഞാൻ വെറുതെ നിങ്ങളെ പറഞ്ഞുകേൾപ്പിക്കുന്നത്. നളന്റെയും എന്റെയും  കർമ്മങ്ങൾ വേറെയാണ്. എന്നെക്കൊണ്ട് എന്തുപകാരമാണ് നിങ്ങൾക്ക് വേണ്ടത്.
ഒരു ഗുണവുമില്ലെങ്കിലും വെറുതേ  എന്തിനാണ് ഞാനിതൊക്കെ നിങ്ങളോട് പറയുന്നത് എന്ന തോന്നലിൽ പുഷ്കരന്റെ സർവ്വ നിരാശവും അസന്തുഷ്ടിയും വെളിവാകുന്നുണ്ട്.
കലിയുടെ പദം -
പല്ലവി, അനുപല്ലവി
എന്നിവ കഥകളി രൂപത്തിൽ അവതരിപ്പിക്കുന്നത് കാണിക്കുകയും പ്രസ്തുത പദങ്ങൾ വിശദീകരിക്കുകയും ചെയ്യൂ.
( പുഷ്കര : നീ പഴുതേ .............
നാട്ടുവാഴ്ക നളനെ വെന്നു സമ്പ്രതി.....)
■ പുഷ്കരാ, സഫലമാക്കാവുന്ന നിന്റെ ജന്മം നീ വെറുതെ വിഫലമാക്കല്ലേ. നീ കേൾക്കു , എന്റെ സഹായമുണ്ടായാൽ ചെയ്യാൻ കഴിയാത്തതായിട്ട് ഒരാൾക്കും ഒന്നുമില്ല. നളനും നീയും തമ്മിൽ എന്തു വ്യത്യാസമാണ് ഉള്ളത്. നീ ഇപ്പോൾ തന്നെ നളനെ പരാജയപ്പെടുത്തി ഈ നാട് വാഴണം.
കലിയുടെ അമിതമായ ആത്മവിശ്വാസവും , തന്റെ ആഗ്രഹപൂർത്തിക്ക് മറ്റുള്ളരെ വശംവദരാക്കാനുള്ള കഴിവും ഇവിടെ പ്രകടമാകുന്നുണ്ട്.
ആലസ്യത്തിലും നിരാശയിലും ആണ്ടു കിടക്കുന്ന പുഷ്കരനെ പ്രചോദന വാക്കുകളിലൂടെ ആവേശഭരിതനാക്കുന്ന തന്ത്രം കലി സമർത്ഥമായി പ്രയോഗിക്കുന്നു.

വാടിക്കിടക്കുന്ന ചെടിക്ക് കുളിരുള്ള ജലം കിട്ടിയതുപോലെയായിരുന്നു പുഷ്കരന്റെ അപ്പോഴത്തെ മാനസിക നില .

കലിയുടെ പദം -

ചരണം - ഒന്ന്

കഥകളി രൂപത്തിൽ അവതരിപ്പിക്കുന്നത് കാണിക്കുകയും പ്രസ്തുത ഭാഗം വിശദീകരിക്കുകയും ചെയ്യു.

(നേരെ നിന്നോടെടോ ...............

ചൂതുപൊരുക, പോരിക .....)

■ ഞാൻ ആരാണെന്ന് നിന്നോട് പറയാം.

ഭൂമിയിൽ എന്നെ അറിയാത്തവർ ആരാണുള്ളത്. (കലിയുടെ അഹങ്കാരവും ഭൂമിയിൽ സകലരെയും കലി ബാധിച്ചിട്ടുണ്ട് എന്നതിന്റെ സൂചനയും പ്രസ്തുത പ്രയോഗത്തിൽ ഉണ്ട് )

വീരസേന പുത്രനായ നളന് (വൈരസേനിക്ക് ) ശത്രുവായ കലിയാണ് ഞാൻ. നിന്റെ മിത്രമാണ്. അവന്റെ (നളന്റെ ) നാട് ഞാൻ നിനക്ക് തരുന്നു. ചൂതു പൊരുതാൻ വേണ്ടി നീ വന്നാലും.

ചൂതുകളിയിൽ നളനെ പരാജയപ്പെടുത്തി, നളന്റെ സർവ്വ ഐശ്യര്യങ്ങളും ഇല്ലാതാക്കി അവനെ കാട്ടിലേക്ക് പറഞ്ഞയക്കാനും പുഷ്കരൻ രാജാവായി രാജ്യം ഭരിക്കാനുമാണ് കലി നള സഹോദരനായ പുഷ്കരനോട് പറയുന്നത്. ഞാൻ കൂടെയുണ്ടെങ്കിൽ നിനക്കത് സാധിക്കുമെന്നും കലി പുഷ്കരന് ആത്മവിശ്വാസം പകരുന്നു. നളന്റെ ശത്രുവും നിന്റെ മിത്രമാണെന്ന് പറഞ്ഞ് പുഷ്കരന്റെ വിശ്വാസ്യതയേയും പിടിച്ചുപറ്റാൻ കലി സമർത്ഥമായി ശ്രമിക്കുന്നു.

**തുടർ പ്രവർത്തനങ്ങൾ :**

1. നമുക്കില്ലാ നാടും നഗരവും കുടയും ചാമരവും
അമിത്രവീരന്മാരെ അവർക്കും വൻ പടയും,
ബഹുജനെന്നുള്ളതേ നമുക്കൊന്നുമുള്ളൂ മുറ്റും.
ഈ വരികളിൽ തെളിയുന്ന പുഷ്കരന്റെ മാനസികാവസ്ഥ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

2. നേരെ നിന്നോടെടോ ഞാൻ പുനരാരെന്നും പറയാം ,
പാരിലെന്നെയിന്നാരറിയാത വർ
വൈരി വൈരസേനിക്കിഹ ഞാൻ കലി
തവ ഞാൻ മിത്രം, തസ്യ നാടു ഞാൻ
തേ തരുന്നു , ചൂതുപൊരുക പോരിക ...

തന്നിരിക്കുന്ന വരികളും പാഠഭാഗത്തിലെ സന്ദർഭങ്ങളും പ്രയോജനപ്പെടുത്തി കലി എന്ന കഥാപാത്രത്തിന്റെ സ്വഭാവ സവിശേഷതകൾ വ്യക്തമാക്കുന്ന കുറിപ്പ് തയ്യാറാക്കുക.

നവാസ് മന്നൻ
GHSS ശ്രീകണ്ഠപുരം.